നഷ്ടപരിഹാരം നൽകിവരുന്നു. ഈ ചട്ടം 7-7-2010-ലെ ജി.ഒ.(ആർടി.) നമ്പർ 297/2010/വനം സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയിട്ടുണ്ട്. പുതുക്കിയ ഉത്തരവ് പ്രകാരം കൃഷിനാശമുൾപ്പെടെയുള്ള സന്ദർഭങ്ങളിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു :

1.	ജീവഹാനി	3 ലക്ഷം രൂപ
2.	വനത്തിന് പുറത്ത് പാമ്പ്കടിയേറ്റ് ജീവഹാനി	1 ലക്ഷം രൂപ
3.	വിളനാശം, വീടുനഷ്ടം, കന്നുകാലി നഷ്ടം	നഷ്ടത്തിന്റെ 100% (പരമാവധി 50000 രൂപ)
4.	സ്ഥിരമായ അംഗവൈകല്യം	25,000 രൂപ വരെ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 16-6-2009-ലും 7-7-2010-ലും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വിളനാശം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ നഷ്ടത്തിന്റെ 75% എന്നത് 100% എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് 7-7-2010-ലാണ്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ദുരന്ത നിവാരണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

9(*99) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങൾ നിവാരണം ചെയ്യുന്നതിനുള്ള ആസൂത്രണവും പരിശീലനവും ഏകോപിപ്പിക്കുന്നതിനായി സ്ഥാപിച്ച ദുരന്ത നിവാരണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ബി) ഈ സ്ഥാപനം ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത് ;

(സി) സംസ്ഥാനത്ത് ദുരന്ത സാദ്ധ്യതാ ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും മുൻ കരുതൽ എടുക്കുന്നതിനും ജനങ്ങളെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തെ മുൻ നിർത്തിക്കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിലെ ദുരന്ത നിവാരണവിഭാഗം വിവിധ പരിശീലന പരിപാടികൾ ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് (NIDM), യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് (UNDP) പ്രോഗ്രാം എന്നിവയുമായി സഹകരിച്ചു കൊണ്ട് റവന്യൂ, പഞ്ചായത്ത്, കൃഷി, മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, മൈനിംഗ് ആന്റ് ജിയോളജി, പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്കും, റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾക്കും, നെഹ്റു യുവ കേന്ദ്ര, എൻ.എസ്.എസ്., എൻ.സി.സി. തുടങ്ങിയ അംഗീകൃത സന്നദ്ധ സംഘടനകൾക്കും കുടുംബശ്രീ പോലെയുള്ള വനിതാ സംഘടനകൾക്കും പ്രകൃതി ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ ഈ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുണ്ട്.

ഐ.എൽ.ഡി.എം.-ലെ ദുരന്തനിവാരണ വിഭാഗം സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങൾ നിവാരണം ചെയ്യുന്നതിനുവേണ്ട പരിശീലനം വളരെ കാര്യക്ഷമമായി നടത്തുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ നിബന്ധനയനുസരിച്ചുള്ള 25 പരിശീലന പരിപാടികൾക്കു പുറമേ 43 പരിശീലന പരിപാടികൾ കൂടി നടത്തുവാൻ കഴിഞ്ഞു. ഈ വർഷവും വളരെ മംഗിയായി പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. ഈ കലണ്ടർ വർഷത്തിൽ ഡിസംബർ വരെ, ക്യാമ്പസ്സിനുള്ളിലും പുറത്തുമായി 68 ഓളം പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിൽ എൻ.എസ്.എസ്., എൻ.സി.സി., യുവജനക്ഷേമ ബോർഡ്, പോളിടെക്നിക്, ഐ.ടി.ഐ. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, കൃഷി, റവന്യൂ, കോർപ്പറേഷനുകൾ തുടങ്ങിയവയിലെ ഉദ്യോഗസ്ഥർ, ആയുർവേദ, ഹോമിയോ ഡോക്ടർമാർ, റസിഡന്റ്സ് അസോസിയേഷൻ, എൻ.ജി.ഒ, സ്ത്രീ സംഘടനകൾ തുടങ്ങിയവയ്ക്കുള്ള 35 പരിശീലന പരിപാടികളും, യു.ജി.സി. അദ്ധ്യാപകർ, വിക്രം സാരാഭായി സ്പേസ് സെന്ററിലെ ശാസ്ത്രജ്ഞർ, ഹിന്ദുസ്ഥാൻ ലാറ്റക്സ്, പുതുതായി റിക്രൂട്ട് ചെയ്യപ്പെട്ട 150 ഓളം പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്കും നടത്തിയ 33 പരിശീലന പരിപാടികളും ഉൾപ്പെടുന്നു. ഈ സ്ഥാപനത്തിലെ ദുരന്തനിവാരണ വിഭാഗം പരിശീലന പരിപാടികൾക്കു പുറമേ കേരളത്തിൽ നടന്നുവരുന്ന ദുരന്തങ്ങൾക്ക് ഗവൺമെന്റ് ആവശ്യപ്പെടുന്നതിനനുസരിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിലും പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലേക്ക് ഭൂകമ്പം, ഇടിമിന്നൽ, രാസവ്യവസായ അപകടങ്ങൾ, ഉരുൾപൊട്ടൽ തുടങ്ങിയവയെക്കുറിച്ചുള്ള ദുരന്ത നിവാരണ ബോധവൽക്കരണ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.

ഇതിനുപുറമേ, റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിലൂടേയും ദുരന്തനിവാരണ സെന്റർ ബോധവൽക്കരണ പരിപാടികൾ സ്ഥിരമായി നടത്തി വരുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തൊട്ടാകെയുള്ള റവന്യൂ ജീവനക്കാർക്കും വിവിധ തരത്തിലുള്ള പരിശീലനങ്ങളും വർക്ക് ഷോപ്പുകളും ഐ.എൽ.ഡി.എം.-ൽ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിൽ ദുരന്ത ലഘൂകരണം ഉറപ്പാക്കുന്നതിനും ദുരന്തത്തിന് ഇരയാകുന്നവർക്ക് സമയോചിതവും പര്യാപ്തവുമായ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തത്ത്വത്തിൽ അംഗീകരിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കേണ്ട സ്ഥലങ്ങളെയും ഇനങ്ങളെയും സംബന്ധിച്ച് ജില്ലാ കളക്ടർ മുഖേന സർവ്വേ നടത്തി വരുന്നു. കൂടാതെ അനുയോജ്യമായ ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിലേക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ഭൂമി കേരളം പദ്ധതി

10(*100) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഭൂമി കേരളം പദ്ധതിയിലൂടെ എത്ര വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഇതിനകം എത്ര വില്ലേജുകളിലെ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(ഡി) ഭൂമേഖാ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ഇ) എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 'ഭൂമികേരളം' പദ്ധതിയിലും, പരമ്പരാഗത രീതിയിൽ സർവ്വേ വകുപ്പിന്റെ കീഴിലും റീസർവ്വേ ജോലികൾ പൂർത്തിയാക്കാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് റീസർവ്വേ പൂർത്തിയാക്കാൻ ശേഷിക്കുന്ന വില്ലേജുകളിൽ സർവ്വേ വകുപ്പിൽ പരമ്പരാഗത രീതിയിൽ റീസർവ്വേ ചെയ്യുന്നത് ഒഴികെയുള്ള വില്ലേജുകൾ 'ഭൂമികേരളം' പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി റീസർവ്വേ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ 12 വില്ലേജുകളുടെയും രണ്ടാം ഘട്ടത്തിൽ 31 വില്ലേജുകളുടേയും റീസർവ്വേ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly